# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1383 — 03.12.2015-ൽ മറുപടിയ്ക്ക്

## റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, അൻവർ സാദത്ത്<br>,, സണ്ണി ജോസഫ്<br>,, എം.പി.വിൻസെന്റ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട് ; സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഹൈവേകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും സമഗ്രവികസനത്തിനായി രൂപം കൊടുത്ത സംസ്ഥാന റോഡു വികസന പദ്ധതി (SRIP) നടപ്പാക്കുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd.) |
| (ബി) പ്രസ്തുത കമ്പനി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ ദേശീയ നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിന് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, പാലങ്ങൾ കലുങ്കുകൾ, ഓടകൾ, സംരക്ഷണ ഭിത്തികൾ, നടപ്പാതകൾ എന്നിവ പണിയുക, റോഡു സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക, ബസ്സ് ഷെൽറ്ററുകൾ, തെരുവുവിളക്കുകൾ എന്നിവ സ്ഥാപിക്കുക, ഇതിനാവശ്യമായ ഫണ്ട് സർക്കാരിൽ നിന്നോ മറ്റ് ധനകാര്യ ഏജൻസികളിൽ നിന്നോ സ്വരൂപിക്കുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (സി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) ഈ പ്രോജക്ട്, റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായി നടപ്പിൽ വരുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽ പെട്ട 108.2 കി.മീ.റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടറുകൾ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ